**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 333** **06-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാകും എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഗ്രാമീണ മേഖലയുടെ വികസനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പങ്ക് അവലോകനം ചെയ്ത് കൊണ്ട് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. എങ്കിലും കേരളത്തിന്റെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു എന്നുള്ള കാര്യം മുന്നിൽ കണ്ടുകൊണ്ട് ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും തുടർന്ന് ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു |
| (ബി) | സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ ഇത്തരം സംരംഭങ്ങളുടെ പ്രാധാന്യം വിലയിരുത്തി ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യം വെച്ച് കൊണ്ട്, വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ സംരംഭക |

| | | | |
|---|---|---|---|
| | | | വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്നു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കു താഴെ പറയുന്ന പദ്ധതികൾ നിലവിലുണ്ട്.<br><br>1) സംരംഭക സഹായ പദ്ധതി<br><br>2) ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്<br><br>3) നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>4) സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ / പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ<br><br>a. The Kerala stressed MSMEs Revival & Rehabilitation Scheme<br><br>b. Revival and rehabilitation scheme for defunct MSMEs and cashew processing units.<br><br>5) ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br><br>6) മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>7) നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം |
| (സി) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പരിശീലന പരിപാടികൾ, ധനസഹായ പരിപാടികൾ, പ്രദർശന വിപണന മേളകൾ, അടിസ്ഥാന സൗകര്യ വികസനം മുതലായ സഹായങ്ങൾ വ്യവസായ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. ഈ പദ്ധതികളിൽ എല്ലാം തന്നെ വനിതാ സംരംഭകർക്കും പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്കും മുൻഗണന നൽകി വരുന്നു. സംരംഭക സഹായ പദ്ധതിയിൽ (ESS) സ്ഥിരം |

മൂലധന നിക്ഷേപത്തിന്റെ 15% (പരമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകുമ്പോൾ വനിത/ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് 25% വരെ (പരമാവധി 40 ലക്ഷം രൂപ) വരെ നൽകുന്നു.

ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ 30% സ്ത്രീ സംരംഭകർ ആയിരിക്കണം എന്ന് വിഭാവനം ചെയ്തിട്ടുണ്ട്. 30% ഗ്രാന്റ്, 30% ഗുണഭോക്തൃ വിഹിതം, 40% ബാങ്ക് വായ്പ എന്ന അനുപാതം നിശ്ചയിച്ചിട്ടുള്ള പദ്ധതിയിൽ വനിതാ സംരംഭകർ/പട്ടികജാതി/പട്ടിക വർഗ്ഗം എന്നിവർ ഉൾപ്പെടുന്ന മുൻഗണനാ വിഭാഗത്തിന് 40% ഗ്രാന്റ്, 20% ഗുണഭോക്തൃ വിഹിതം, 40% ബാങ്ക് വായ്പ എന്ന അനുപാതം നിശ്ചയിച്ചിരിക്കുന്നു.

നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ വനിത/ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 8% വരെ സബ്സിഡി റീ-ഇമ്പേഴ്സ്മെന്റ് വഴി നൽകുന്നു.

50% സ്ത്രീ സംരംഭകർക്കായി അനുവദിക്കാൻ വിഭാവനം ചെയ്തിട്ടുള്ള 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയുടെ 4% അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകും. വ്യവസായ വകുപ്പ് സംരംഭകർക്ക് നൽകുന്ന അവാർഡുകളിലും സ്ത്രീ സംരംഭകർക്കും പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിനും പ്രത്യേക അവാർഡ് നൽകുന്നുണ്ട്.

കൂടാതെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ